# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2626 09.07.2015 -ൽ മറുപടിക്ക്**

**കോർ റോഡ് നെറ്റ് വർക്ക്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, ഹൈബി ഈഡൻ<br>,, സി.പി.മുഹമ്മദ്<br>,, ഷാഫി പറമ്പിൽ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) "കോർ റോഡ് നെറ്റ് വർക്ക്" പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | & (ബി) | സംസ്ഥാനത്ത് ഒരു കോർ റോഡ് നെറ്റ് വർക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി, പ്രധാന റോഡുകൾ തെരെഞ്ഞെടുത്ത് അവയെ ഉന്നത നിലവാരത്തിലെത്തിക്കുക എന്ന ദൗത്യം ഘട്ടം ഘട്ടമായി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളാണ് ആദ്യം ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്. സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന ഏകദേശം 2810 കി.മീ.റോഡുകളാണ് ഇപ്പോൾ സ്പീഡ് കേരള, കെ.എസ്.ടി.പി (KSTP), എസ്.ആർ.ഐ.പി(SRIP), സി.ആർ.എഫ് (CRF) എന്നീ പദ്ധതികളിലൂടെ ആദ്യ ഘട്ടത്തിൽ വികസിപ്പിക്കുന്നത്. |
| (സി) ഏറ്റവും പ്രാധാന്യമുള്ള റോഡുകളെ കണ്ടെത്തി റോഡ് ശൃംഖല വികസിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (സി) & | ഇതിനായി പ്രധാനമായും മൂന്ന് വിദഗ്ധ പഠനങ്ങൾ നടത്തേണ്ടതുണ്ട്. (1) തന്ത്രപ്രധാനമായ റോഡ് കണ്ടെത്തൽ (2) അവ വികസിപ്പിക്കുന്നതിനും, പരിപാലിക്കുന്നതിനുമുള്ള സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തൽ (3) അതിനായി പുതിയ റോഡ് ഏജൻസിയുടെ രൂപീകരണവും നടപ്പാക്കലും . |
| (ഡി) ഇതിനായുള്ള ലോകബാങ്ക് സഹായങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് സഹായകമാകുന്ന, ഏറ്റവും പ്രാധാന്യമുള്ള റോഡുകളെ |

കണ്ടെത്തി, തന്ത്രപ്രധാനമായ റോഡ് ശൃംഖല വികസിപ്പിക്കുകയാണ് ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന 'സ്ട്രാറ്റജിക് റോഡ് നെറ്റ് വർക്ക്' പദ്ധതിയുടെ ലക്ഷ്യം. ഇതിനുള്ള ധന സഹായം കെ.എസ്.ടി.പി -2 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ട്രാറ്റജിക് റോഡ് നെറ്റ് വർക്ക് തെരഞ്ഞെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഒരു പ്രത്യേക ടീമിനെ നിയോഗിക്കുന്നതാണ്. ഈ ടീമിന് നേതൃത്വം നൽകാൻ പദ്ധതിയുടെ 'ക്ലയിന്റ് എക്സിക്യൂട്ടീവ് പ്രോഗ്രാം സ്പോൺസർ' എന്ന നിലയിൽ പൊതുമരാമത്ത് വകുപ്പിന്റേയും വിവിധ സർക്കാർ ഏജൻസികളുടേയും പ്രവർത്തനങ്ങൾ വ്യക്തമായി അറിയുന്ന പരിചയ സമ്പന്നനായ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ